**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4238** **28-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സ്ഥാപനങ്ങളിലെ കേന്ദ്രീകൃത പരിശോധന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുവാനും സംയോജിപ്പിക്കുവാനും വ്യവസായ വകുപ്പ് നടപ്പാക്കുന്ന കേന്ദ്രീകൃത പരിശോധന ഏകജാലക സംവിധാനമായ കെ-സിസിന്റെ (കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം) പ്രവർത്തനം വിശദമാക്കാമോ; | (എ) | വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനമാണ് കെ-സിസ് (Kerala-Centralised Inspection System). നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേർസ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധനാ ഷെഡ്യൂൾ വെബ് പോർട്ടൽ സ്വയം തയ്യാറാക്കും. പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥനെയും ഈ സംവിധാനം തന്നെ തിരഞ്ഞെടുക്കും. പരിശോധനാ അറിയിപ്പ് സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ്, ഇമെയിൽ എന്നിവ മുഖേന നൽകും. പരിശോധനക്ക് ശേഷം അത് സംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റു വകുപ്പുകളെ കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ പ്രത്യേകമായി ഒരു സംരംഭത്തിൽ പരിശോധന നടത്തുമ്പോൾ സംരംഭകൻ അഭിമുഖീകരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനം നടപ്പിലാക്കിയതിലൂടെ ഇല്ലാതായിരിക്കുകയാണ്. പരിശോധനകളുടെ സുതാര്യത വർദ്ധിപ്പിക്കുവാനും |

| | | | |
|---|---|---|---|
| | | | നടപടികളിലെ കാലതാമസം ഒഴിവാക്കാനും പ്രസ്തുത സംവിധാനം വഴി സാധ്യമായിട്ടുണ്ട്. |
| (ബി) | ഈ സംവിധാനത്തിലൂടെ വ്യവസായ വാണിജ്യ മേഖലയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) | വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനമാണ് കെ-സിസ് (Kerala-Centralised Inspection System). നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേർസ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധനാ ഷെഡ്യൂൾ വെബ് പോർട്ടൽ സ്വയം തയ്യാറാക്കും. പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥനെയും ഈ സംവിധാനം തന്നെ തിരഞ്ഞെടുക്കും. പരിശോധനാ അറിയിപ്പ് സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ്, ഇമെയിൽ എന്നിവ മുഖേന നൽകും. പരിശോധനക്ക് ശേഷം അത് സംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റു വകുപ്പുകളെ കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ പ്രത്യേകമായി ഒരു സംരംഭത്തിൽ പരിശോധന നടത്തുമ്പോൾ സംരംഭകൻ അഭിമുഖീകരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനം നടപ്പിലാക്കിയതിലൂടെ ഇല്ലാതായിരിക്കുകയാണ്. പരിശോധനകളുടെ സുതാര്യത വർദ്ധിപ്പിക്കുവാനും നടപടികളിലെ കാലതാമസം ഒഴിവാക്കാനും പ്രസ്തുത സംവിധാനം വഴി സാധ്യമായിട്ടുണ്ട്. |
| (സി) | ഏതൊക്കെ വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധന സംവിധാനം ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനമാണ് കെ-സിസ് (Kerala-Centralised Inspection System). നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേർസ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ |

| | | | |
|---|---|---|---|
| | | | മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധനാ ഷെഡ്യൂൾ വെബ് പോർട്ടൽ സ്വയം തയ്യാറാക്കും. പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥനെയും ഈ സംവിധാനം തന്നെ തിരഞ്ഞെടുക്കും. പരിശോധനാ അറിയിപ്പ് സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ്, ഇമെയിൽ എന്നിവ മുഖേന നൽകും. പരിശോധനക്ക് ശേഷം അത് സംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റു വകുപ്പുകളെ കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ പ്രത്യേകമായി ഒരു സംരംഭത്തിൽ പരിശോധന നടത്തുമ്പോൾ സംരംഭകൻ അഭിമുഖീകരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനം നടപ്പിലാക്കിയതിലൂടെ ഇല്ലാതായിരിക്കുകയാണ്. പരിശോധനകളുടെ സുതാര്യത വർദ്ധിപ്പിക്കുവാനും നടപടികളിലെ കാലതാമസം ഒഴിവാക്കാനും പ്രസ്തുത സംവിധാനം വഴി സാധ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ